"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം ജയിൽ
വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 08-04-2020

## സർക്കുലർ നം - 22

കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും കേവലം രണ്ട് മൂന്ന് ദിവസം മാത്രം ഒരു പ്രത്യേക സെല്ലിൽ പാർപ്പിക്കപ്പെട്ട തടവുകാരൻ ജയിൽച്ചാട്ടം നടത്തിയതിന്റെ പശ്ചാത്തലത്തിൽ ഉത്തര മേഖലാ ജയിൽ ഡിഐജി നല്കിയ റിപ്പോർട്ടിൽ ജയിൽ ചാട്ടത്തിന് ഉപയുക്തമായ സാധന സാമഗ്രികൾ പ്രസ്തുത തടവുകാരൻ ജയിലിനുള്ളിൽ നിന്നും ജയിൽ പണി ശാലയിൽ നിന്നും സംഘടിപ്പിച്ചതിനെപ്പറ്റി വിശദമാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലാ ജയിലിൽ തടവുകാരൻ സാനിറ്റൈസർ ഒളിച്ചുകടത്തി കുടിച്ചുവെന്ന സൂചനയാണ് തടവുകാരന്റെ അസാധാരണ മരണവുമായി ബന്ധപ്പെട്ട റിപ്പോർട്ടിൽ നിന്നും ലഭിച്ചിരിക്കുന്നത്.

ജയിൽ സ്ഥാപനങ്ങളിൽ ആത്മഹത്യക്കോ ജയിൽ ചാട്ടത്തിനോ സഹായകരമായ വസ്തുക്കളോ സാധനങ്ങളോ സാമഗ്രികളോ ഉപകരണങ്ങളോ സൂക്ഷിക്കുന്നതിന് എതിരായിട്ടുള്ള ജയിൽ ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ച വന്നതുമൂലമാണ് ഇത്തരത്തിലുള്ള അസാധാരണ സാഹചര്യങ്ങൾ ജയിലുകളിൽ ഉണ്ടായതെന്നത് വളരെ ഗൌരവമായി കാണുന്നു.

2014 ലെ ജയിൽ ചട്ടങ്ങൾ 222, ജയിൽ ചാട്ടത്തിന് സഹായിക്കുന്ന വസ്തുക്കളുടെ ബന്തവസ് എങ്ങിനെയാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇത്തരത്തിലുള്ളതും ദുരുപയോഗിക്കുവാൻ കഴിയുന്നതുമായ പാഴ്‌വസ്തുക്കൾ ജയിൽ ചട്ടങ്ങൾ 513, 514 പ്രകാരം വിശദമാക്കിയിട്ടുള്ള ആത്മഹത്യക്ക് ഉപയോഗിക്കാവുന്ന സാധനങ്ങളുടെ സൂക്ഷിപ്പ്, വിഷ വസ്തുക്കളുടെ സുരക്ഷിതമായ സൂക്ഷിപ്പ് എന്നിവയും ജയിൽ ചട്ടങ്ങൾ 516 പ്രകാരം അഗ്നിബാധ തടയുന്നതിനായുള്ള പ്രത്യേക നടപടികളും കൃത്യമായി പാലിക്കുന്നതിനായി അതാത് ജയിൽ സ്ഥാപന മേധാവികളും ഉത്തരവാദിത്വമുള്ള ഉയർന്ന മറ്റ് ഉദ്യോഗസ്ഥരും സബോർഡിനേറ്റ് ജീവനക്കാരും വിട്ടുവീഴ്ചയില്ലാത്ത ജാഗ്രത പുലർത്തേണ്ടതാണെന്ന് കർശനമായി നിർദ്ദേശിക്കുന്നു.

എല്ലാ ജയിലുകളിലും ജയിൽ ചാട്ടത്തിനിടവരുത്തുന്ന മുഴുവൻ സാധനങ്ങളും മേൽ പറഞ്ഞ വിധത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള വസ്തുക്കളും ഉപകരണങ്ങളും സാമഗ്രികളും സുരക്ഷാ പരിശോധന നടത്തി 3 ദിവസത്തിനുള്ളിൽ ജയിലിന് പുറത്താക്കുകയും പൂട്ടി സൂക്ഷിക്കുവാൻ സാധിക്കുന്ന തരത്തിൽ കടുത്ത സുരക്ഷയിൽ ബന്തവസ്സ് ചെയ്യുകയും അതിന്റെ ചുമതല പ്രത്യേകം നിശ്ചയിച്ചു നൽകുകയും വേണം. ഇത്തരത്തിലുള്ളവയൊന്നും അലക്ഷ്യമായി ഇട്ടിട്ടില്ലെന്ന് ജോയിൻറ് സൂപ്രണ്ടുമാർ/ഡെപ്യൂട്ടി സൂപ്രണ്ടുമാർ/അസിസ്റ്റൻറ് സൂപ്രണ്ടുമാർ ഉറപ്പാക്കേണ്ടതുമാണ്. സൂപ്രണ്ടുമാർ പണി സ്ഥലങ്ങൾക്കും അടുക്കളയ്ക്കും ഇത്തരത്തിൽ പ്രത്യേക ചുമതലയും ഉത്തരവാദിത്വവും ഏൽപ്പിച്ചു നല്കേണ്ടതും ആവശ്യമായ മേൽനോട്ടം നടത്തേണ്ടതുമാണ്. ജയിൽ ചട്ടം 243 പ്രകാരം ലോക്കപ്പിന് മുമ്പുള്ള പരിശോധന കർശനമാക്കേണ്ടതും ആ സമയത്ത് മേൽപറഞ്ഞ കാര്യങ്ങൾ കൃത്യമായി പരിശോധിക്കപ്പെട്ടിട്ടുണ്ടെന്ന് ലോക്കപ്പ് ഓഫീസറും മറ്റ് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരും പകൽ - രാത്രി ഡ്യൂട്ടി ഓഫീസർമാരും സംയുക്തമായി ഉറപ്പാക്കേണ്ടതുമാണ്. സർക്കുലറിലെ നിർദേശങ്ങൾ നടപ്പിലാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

പകർപ്പ് : ഡിഐജി ഉത്തര/മദ്ധ്യ/ദക്ഷിണ മേഖലകൾ. ഫയൽ, കരുതൽ ഫയൽ.